## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 678 | 13.06.2012-ൽ മറുപടിക്ക്

### കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് സർക്കാർ അനുവദിച്ച് നൽകിയ വിഹിതങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ബഷീർ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് വൈദ്യുതി ചാർജ്, വെള്ളക്കരം മുതലായവയ്ക്ക് സർക്കാർ അനുവദിച്ച് നൽകിയ വിഹിതങ്ങൾ ആരോഗ്യ പ്രവർത്തകൻമാർക്ക് ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ആയത് ഉടനടി ആരോഗ്യ പ്രവർത്തകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ താമസിക്കുന്ന ആരോഗ്യപ്രവർത്തകർ, സബ്സെന്ററുകളിലെ വൈദ്യുത ബില്ലുകൾ യഥാസമയം സമർപ്പിച്ച് സർക്കാർ അനുവദിച്ച നൽകിയ വിഹിതങ്ങൾ ലഭ്യമാക്കേണ്ടത് സബ്സെന്ററുകളിൽ താമസിച്ച ജോലി ചെയ്യുന്ന ആരോഗ്യപ്രവർത്തകരുടെ ഉത്തരവാദിത്വമാണ്. ഇപ്രകാരം സമർപ്പിച്ച ബില്ലുകളിൽ തുടർനടപടി എടുക്കാതിരിക്കുന്നതായി പരാതി ലഭിക്കുന്ന പക്ഷം അതാത് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ഉചിതമായ നടപടി സ്വീകരിക്കുന്നതുമാണ്. |
| (സി) ബ്ലോക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ കീഴിലുള്ളതായ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ആഫീസ് ഭാഗത്തേക്കും, താമസഭാഗത്തേക്കും പ്രത്യേകം പ്രത്യേകം വൈദ്യുതി മീറ്ററുകൾ വെയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ഇതു സംബന്ധിച്ചുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ